ഉത്തരം

(എ) അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ബാലരാമപുരം പി.എസ്. ക്രൈം നമ്പർ 5/02 സെക്ഷൻ 174 സി.ആർ.പി.സി. പ്രകാരമുള്ള ടി കേസിലെ സംഭവസ്ഥലം തിരുവനന്തപുരം സിറ്റിയിലെ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ ടി കേസ് 29-10-2003-ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കേസ് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 7/04, സെക്ഷൻ 174 സി.ആർ.പി.സി. പ്രകാരം തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് പോലീസ് എ.സി. ഊർജ്ജിതമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) 21-4-2003 തീയതിയായി നൽകിയ അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് പുനരന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ബാലരാമപുരം പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 185/2003 കേസ്

21 [2501] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 185/03 കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസന്വേഷിക്കുന്നതിനും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനും സ്പെഷ്യൽ ടീമിനെയോ, ക്രൈം ബ്രാഞ്ചിനെയോ ഏല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാലരാമപുരം പോലീസ് സ്റ്റേഷനിൽ സെക്ഷൻ 379 ഐ.പി.സി. പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 185/03 കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. സംഭവത്തിനുശേഷം ടിയാൻ നാടുവിട്ടുപോയിട്ടുള്ളതാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത കേസ്സിലെ പ്രതിയായ പന്നിചന്ദ്രൻ എന്നു വിളിക്കുന്ന ചന്ദ്രനെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നതിനാൽ പ്രത്യേക അന്വേഷണം ആവശ്യമാണെന്നു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly